II ഇ.ബി. XIII- കേരള നിയമസഭ/XI- 18

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 02, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

58 (*511) **സ്കൂൾ ആരോഗ്യപദ്ധതി**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ–വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ പത്തുശതമാനത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-2013 സാമ്പത്തിക വർഷ ത്തിൽ കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്കും വ്യാ പിപ്പിക്കുകയുണ്ടായിയെന്നും പദ്ധതി പൂർത്തിയാകുമ്പോൾ 13655 സ്കൂളു കളിലെ 43 ലക്ഷത്തോളം കുട്ടികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭ്യമാ കുമെന്നും സഭയെ അറിയിച്ചു. സ്കൂൾ കുട്ടികളുടെ ആരോഗ്യ പ്രശ്ന ങ്ങൾ പ്രാഥമികമായി കണ്ടെത്തുന്നതിന് 2500 കുട്ടികൾക്ക് ഒരാൾ എന്ന രീതിയിൽ 1098 സ്കൂൾ ഹെൽത്ത് നഴ്സുമാരെ പ്രത്യേകമായി നിയമി ക്കുകയും കൂടുതൽ നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവ

രികയുമാണ്. സ്കൂളുകളിലെ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി വർഷത്തിലൊരിക്കൽ വൈദ്യപരിശോധനാ ക്യാമ്പ് നടത്തുകയും വിവരങ്ങൾ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിലൂടെ കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ അധികൃതരുടേയും മാതാപിതാക്കളുടേയും ശ്രദ്ധയിൽപ്പെടുത്തി അവരുടെ സഹകരണത്തോടെ കുട്ടികളെ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്ത് കൃത്യമായ തുടർ നിരീക്ഷണം നടത്തുക, ടെറ്റനസ്, റൂബെല്ല എന്നിവയ്ക്ക് പ്രതിരോധ കുത്തിവയ്പുകൾ നൽകുക, ആരോഗ്യ ബോധവൽക്കരണത്തിനായി വിദ്യാഭ്യാസ ക്ലാസ്സുകളും എക്സിബിഷനുകളും സംഘടിപ്പിക്കുക, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റു കലാരൂപങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക തുടങ്ങിയവയാണ് സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രധാനപ്പെട്ട ചുമതലകൾ. ഇതിന് പുറമെ പ്രശ്നമുള്ള കുട്ടികളെ സ്കൂൾ അധികൃതരുടെ സഹായത്തോടെ മാസത്തിലൊരിക്കലോ (അവശ്യഘട്ടങ്ങളിലോ) വൈദ്യ പരിശോധനയ്ക്കായി അടുത്തുള്ള പി.എച്ച്.സി/സി.എച്ച്.സി-യിൽ എത്തിക്കുന്നതാണ്. ഇതുകൂടാതെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി മരുന്നുകൾ ലഭ്യമാക്കി ബ്ലോക്ക് അടിസ്ഥാനത്തിൽ ത്വക്ക്, കാഴ്ച, ദന്തൽ, ഗൈനക്കോളജി, സൈക്കോളജി എന്നീ വിഭാഗങ്ങളിൽ മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ആവശ്യമുള്ള രോഗികളെ ജില്ല/മെഡിക്കൽ കോളേജ്/ജനറൽ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽസ്വാസ്ഥ്യകാര്യക്രമം (ആർ.ബി.എസ്കെ), സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യ കിരണം എന്നീ പദ്ധതികളുടെ സഹായത്തോടെ

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ എല്ലാ അസുഖങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന ജനിതക വൈകല്യങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ വിശദമായ പഠനങ്ങൾക്കുശേഷം ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് വർഷത്തിലൊരിക്കൽ നൽകുന്ന റൂബെല്ലാ വാക്സിനേഷനുമായി ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പി.ടി.എ., അദ്ധ്യാപക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കൗമാരപ്രായക്കാർക്കായി കൗൺസലിംഗ് ഉൾപ്പെടെയുള്ള ചികിത്സാ നടപടികളും സ്വീകരിക്കുന്നുണ്ട്. സ്കൂൾകുട്ടികളുടെ കായികാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവേർനെസ്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടത്താൻ തീരുമാനിച്ചിട്ടുള്ള എയ്റോബിക് ക്ലാസ്സുകൾ പത്തനംതിട്ട ജില്ലയിൽ തുടങ്ങിക്കഴിഞ്ഞു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 'ആയുഷ്'-മായി ചേർന്ന് നടപ്പാക്കുന്ന യോഗ പരിശീലന പരിപാടി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണെന്നും 77 ലക്ഷം രൂപ വകയിരുത്തി രൂപപ്പെടുത്തിയിട്ടുള്ള 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന പദ്ധതി ഈ മാസം മുതൽ ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

59 (*512) <u>പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും മുൻഗണന നൽകി നദീതട/നീർത്തടാടിസ്ഥാനത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതി നടപ്പാക്കി വരുന്നതായി സഭയെ അറിയിച്ചു. സംസ്ഥാനത്ത് 'ദീർഘകാല ജല സുരക്ഷ' ഉറപ്പുവരുത്തുന്നതിനായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നദീതടാടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതോടൊപ്പം CWRDM കോഴിക്കോട്, NCESS തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് തടാകങ്ങളുടെയും കായലുകളുടെയും സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനുമായി തടയണകൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയും ഭൂജല വകുപ്പ് നടപ്പാക്കുന്നുണ്ട്. ഇതിലൂടെ കിണറുകളിലെയും പുഴകളിലെയും ജലലഭ്യത വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. ജലസംരക്ഷണത്തിനും ഭൂഗർഭജല പരിപോഷണത്തിനുമായി രൂപം കൊടുത്തിട്ടുള്ള ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ജലസുരക്ഷാ രൂപരേഖയും (Water Security Plan), ജല സംരക്ഷണവും പരിപാലനവും,

GWR പദ്ധതികളും നടപ്പാക്കുന്നതിനായി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 20 ശതമാനം പഞ്ചായത്തും 80 ശതമാനം തുക സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. പദ്ധതി വിഹിതം ഇല്ലാത്ത പഞ്ചായത്തുകൾക്ക് NRDWP യുടെ sustainability fund –ൽ നിന്നും ഫണ്ട് കണ്ടെത്തുന്ന കാര്യം പരിഗണനയിലാണ്. പാഴായിപ്പോകുന്ന മഴവെള്ളത്തെ കിണറുകളിലെ Point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion Structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം), Surface dyke എന്നീ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് മേഖലയിലെ ഓരുവെള്ള ഭീഷണി തടയുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ തടയണകൾ നിർമ്മിക്കുന്നതും ശാസ്താംകോട്ട/വെള്ളായണി കായലുകളുടെ സംരക്ഷണത്തിന് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കിള്ളിയാറിന്റെയും കരമനയാറിന്റെയും ശുചീകരണ പ്രവൃത്തികൾക്ക് 640 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ടിന്റെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പ്രത്യേകം ഫണ്ട് അനുവദിച്ച് മലബാർ പാക്കേജിലുൾപ്പെടുത്തിയിട്ടുള്ള തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് സാധ്യമായ ഇടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 60(*513) ഡ്രഗ്സ് & മാജിക് റെമഡീസ് നിയമപ്രകാരം നിരോധിച്ചിട്ടുള്ള പരസ്യങ്ങൾ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 1954-ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) നിയമപ്രകാരം 56 ഇനം രോഗങ്ങൾക്കുള്ള ഔഷധങ്ങൾ സംബന്ധിച്ച് പരസ്യം നൽകുന്നത് വിലക്കിയിട്ടുണ്ടെന്നും ഇത്തരം പരസ്യങ്ങൾ നൽകുന്നവർ കുറ്റക്കാരാണെന്നു കണ്ടെത്തിയാൽ പ്രസ്തുത നിയമത്തിലെ സെക്ഷൻ 7 പ്രകാരം ആദ്യ തവണ ആറുമാസം വരെ തടവുശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കുന്നതിനും തുടർന്നും കുറ്റക്കാരെന്നു കണ്ടെത്തിയാൽ ഒരു വർഷം വരെ തടവുശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇത്തരത്തിൽ കുറ്റകൃത്യം ചെയ്തതിന് സംസ്ഥാനത്തെ വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 105 കേസ്സുകളിൽ 85 കേസ്സുകളും കഴിഞ്ഞ 3 വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്തതാണ്. വ്യാജ പരസ്യങ്ങൾ തടയുന്നതിന് കൂടുതൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ആരോഗ്യ വകുപ്പിന്റെ അനുമതി വാങ്ങി മാത്രമേ പരസ്യങ്ങൾ നൽകാൻ പാടുള്ളുവെന്ന വ്യവസ്ഥയും കുറ്റക്കാർക്കെതിരെ കൂടുതൽ ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ഭേദഗതിയും നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും പരസ്യം നൽകുന്നതിന് ആയുർവ്വേദ മരുന്നുകൾക്കുള്ള ആനുകൂല്യം ദുരുപയോഗം

ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും കേന്ദ്ര നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സംസ്ഥാനത്തിന് മാത്രമായി നിയമനിർമ്മാണം നടത്തുന്ന കാര്യം നിയമവകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5534 മുതൽ 5829 വരെയുള്ള ചോദ്യങ്ങളിൽ 51 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)